നം: എൻ4/32368/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം തീയതി : 25.09.2019

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പെൻഷൻ അപേക്ഷകൾ പ്രിസം മുഖേന സമർപ്പിക്കുന്നത് നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 30.08.2019-ലെ സ.ഉ(അച്ചടി) നം.120/2019/ധന

* * *

പ്രിസം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും പെൻഷൻ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനും സൂചന സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ ക്രമനം.3 പ്രകാരം e-പെൻഷൻ പ്രൊപ്പോസലിനോടൊപ്പം Descriptive Roll and Identification Particulars-ന്റെ ഫിസിക്കൽ പകർപ്പ് അക്കൌണ്ടന്റ് ജനറലിന് നൽകേണ്ടതില്ല എന്നും പ്രസ്തുത രേഖകളുടെ രണ്ട് സെറ്റ് പകർപ്പ് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണ് എന്നും ഉത്തരവായിട്ടുണ്ട്. അക്കൌണ്ടന്റ് ജനറൽ പെൻഷൻ അനുവദിച്ച് ഉത്തരവായി ഈ ഓഫീസിൽ നിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് മേലെഴുത്തായി നൽകുമ്പോൾ Descriptive Roll and Identification Particulars പെൻഷൻ സാൻഷനിംഗ് അതോറിറ്റി സാക്ഷ്യപ്പെടുത്തി മടക്കി നൽകുന്നതാണ്. ആയത് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് എൽ.പി.സിയോടൊപ്പം അയച്ചുകൊടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത രേഖകളുടെ രണ്ട് സെറ്റ് ഇപ്പോൾ ചെയ്തു വരുന്നതുപോലെ പെൻഷൻ പ്രൊപ്പോസലിനോടൊപ്പം അയച്ചു തരേണ്ടതാണ്. e-പെൻഷൻ അപേക്ഷയുടെ ആദ്യത്തെ 4 പേജുകളിൽ എഡിറ്റ് ചെയ്യാനുള്ള ഓപ്ഷൻ മേലധികാരികൾക്ക് ഇല്ലാത്തതിനാൽ HOO (Head of Office) തലത്തിൽ തന്നെ അപേക്ഷ റിജക്ട് ചെയ്ത് പെൻഷണർക്ക് നൽകേണ്ടതാണ്, ഇനി പ്രിസം മുഖേന അല്ലാതെ പെൻഷൻ അപേക്ഷകൾ സ്വീകരിക്കുകയില്ലായെന്നുള്ള വിവരവും അറിയിക്കുന്നു.

ഒപ്പ്/-,
ജയശ്രീ.എം.എ),
സീനിയർ ഫൈനാൻസ് ഓഫീസർ

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്
2. എല്ലാ ഗവൺമെന്റ് ആർട്സ് & സയൻസ് , ഫിസിക്കൽ എഡ്യൂക്കേഷൻ, ട്രെയിനിംഗ്, സംഗീത കോളേജ് പ്രിൻസിപ്പാൾമാർക്ക്
3. എല്ലാ ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ വാർഡന്മാർക്ക്

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി : 26.09.2019